# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

27-03-2018 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5594

## കാസർഗോഡ് തുറമുഖം പുനരുജ്ജീവിപ്പിക്കുവാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) കാസർഗോഡ് ഏതെങ്കിലും കാലത്ത് തുറമുഖമുണ്ടായിരുന്നോ; എങ്കിൽ ഏത് കാലയള വിലാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ടായിരുന്നു. 1809 -ൽ കാസർഗോഡ് തുറമുഖം നിലവിൽ വന്നു. |
| (ബി) ഈ തുറമുഖത്തിന്റെ അന്നത്തെ പ്രവർത്തന ങ്ങളുടെ വിശദാംശം നൽകുമോ ; | (ബി) 1920 മുതൽ അന്തർദേശീയ വാണിജ്യ തുറമുഖമായി ഉയർന്നു. ടി കാലഘട്ടത്തിൽ പായ്ക്കപ്പലുകൾ ചന്ദ്രഗിരിപ്പുഴയിൽ പ്രവേശിച്ച് കസ്റ്റംസ് ഹൗസിന്റെ മുന്നിലുള്ള വാർഫുകളിൽ ചരക്ക് കയറ്റുകയും ഇറക്കുകയും ചെയ്തിരുന്നു. |
| (സി) പ്രസ്തുത തുറമുഖത്ത് നിന്നും മറ്റ് തുറമുഖങ്ങളിലേക്കു ണ്ടായിരുന്ന സർവ്വീസുകൾ ഏതൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ ; | (സി) കാസർഗോഡ് തുറമുഖത്തു നിന്നും മരം, ഓട്, ഇഷ്ടിക എന്നിവ കയറ്റുമതി ചെയ്യുകയും അരി, സമുദ്രോൽപ്പന്നങ്ങൾ, ഓട് നിർമ്മിക്കാനാവശ്യമായ ചെളി എന്നിവ ഇറക്കുമതി ചെയ്യുകയും ചെയ്തിരുന്നു. |
| (ഡി) ഈ തുറമുഖത്തിൽനിന്ന് ഏതെല്ലാം രാജ്യങ്ങളിലേക്ക് യാത്ര, ചരക്ക് സർവ്വീസു കൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ഡി) മറ്റ് രാജ്യങ്ങളുമായി സർവ്വീസുകൾ ഉണ്ടായിരുന്ന തായി തെളിയിക്കുന്ന രേഖകൾ ഒന്നും നിലവിലില്ല |

| | | | |
|---|---|---|---|
| (ഇ) | ഈ സർവ്വീസുകൾ എപ്പോഴാണ് നിലച്ചതെന്നും നിലക്കാനുള്ള കാരണമെന്തായിരുന്നുവെന്നും വ്യക്തമാക്കുമോ; | (ഇ) | 1933 ലെ മൺസൂൺ കാലവർഷത്തോടുകൂടി അഴിമുഖം തുറമുഖ ഓഫീസിന്റെ എതിർവശത്തു നിന്നും തെക്ക് ചന്ദ്രഗിരി റെയിൽവേ പാലത്തിന്റെ പടിഞ്ഞാറ് വശത്തായി മാറി. അഴിമുഖം കാലാന്തരത്തിൽ വടക്കോട്ട് നീങ്ങുവാൻ തുടങ്ങി. ഇപ്പോൾ മാലിക് ദിനാർ പള്ളിയുടെ എതിർവശത്തായി സ്ഥിതി ചെയ്യുന്നു. നിലവിലുള്ള അഴി വളരെ നേരിയതും ആഴം കുറഞ്ഞതുമാണ്. |
| (എഫ്) | കാസർഗോഡ് തുറമുഖം വീണ്ടും പ്രവർത്തിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | (എഫ്) | നിലവിൽ പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല |

**സെക്ഷൻ ഓഫീസർ**